ഏസി.എച്ച്/2017

28.07.2017.

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2018

### ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് ഒന്നിന് കോളേജ് തലത്തിൽ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ 2018-19 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ജനറൽ/മറ്റ് സംവരണ വിഭാഗ ങ്ങൾക്ക് ആഗസ്റ്റ് ഒന്നിന് അതത് കോളേജുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. രാവിലെ 9 മണി മുതൽ 12 മണി വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. ഈ സമയത്തിനകം ഹാജരാകുന്ന വിദ്യാർത്ഥികളിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി മൂന്ന് മണിക്ക് പ്രസിദ്ധ പ്പെടുത്തും. ആഗസ്റ്റ് രണ്ടാം തീയതി വിദ്യാർത്ഥികൾക്ക് ടി.സി. വാങ്ങുന്ന തിനും സർട്ടിഫിക്കറ്റുകൾ തയ്യാറാകുന്നതിനുള്ള സമയമാണ്. ആഗസ്റ്റ് രണ്ടാം തീയതി അഡ്മിഷൻ നടത്തുന്നതല്ല. ആഗസ്റ്റ് മൂന്ന്,നാല് തീയതികളി ലായി 01.08.2018-ന് തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്ന് കോളേജിൽ അഡ്മിഷൻ നടക്കും. പ്രവേശന സമയത്ത് എല്ലാ സർട്ടിഫിക്കറ്റുകളും വിദ്യാർത്ഥികൾ ഹാജരാക്കേണ്ടതാണ്. കോളേജിൽ മുൻപ് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അതേ കോളേജിൽ മറ്റു കോഴ്സിലേയ്ക്ക് അർഹതക്കനുസരിച്ച് പ്രവേശനം നേടാവുന്നതാണ്.

വിദ്യാർത്ഥികൾ നിലവിൽ ഓൺലൈൻ അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ മാത്രം സ്പോട്ട് അഡ്മിഷനു വേണ്ടി ഹാജരാകുവാൻ പാടുള്ളൂ. ആഗസ്റ്റ് ഒന്നാം തീയതി ഹാജരായി രജിസ്ട്രേഷൻ നടത്തി റാങ്ക് പട്ടികയിൽ ഇടം നേടിയ എസ്.സി. വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരെ ഒഴിവുള്ള എസ്.സി സംവരണ സീറ്റുക ളിലേയ്ക്ക് പരിഗണിക്കും. അവരെ പരിഗണിച്ച ശേഷവും ഒഴിവു വരുന്ന എസ്.സി സംവരണ സീറ്റുകൾ അർഹരായ മറ്റു വിഭാഗങ്ങളിലേയ്ക്ക് നിയമാ

നുസൃതം മാറ്റി ആഗസ്റ്റ് മൂന്നും,നാലുമായി പ്രവേശനം നടത്തും. ആഗസ്റ്റ് ഒന്നിന് പ്രസിദ്ധപ്പെടുത്തുന്ന റാങ്ക് പട്ടികയായിരിക്കും അടിസ്ഥാനം.

എസ്.സി. വിഭാഗങ്ങൾക്ക് 840/ രൂപയും, ജനറൽ/ മറ്റു സംവരണ വിഭാഗങ്ങൾക്ക് 1525/- രൂപയുമാണ് സർവകലാശാല ഫീസ്. പ്രവേശനം ലഭിച്ചാൽ ഉടൻ തന്നെ ഈ ഫീസ് ഒടുക്കണ്ടതാണ്.

സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ <u>ഏറ്റവും പുതിയ പ്രിന്റ് ഔട്ട്</u> നിർബന്ധമായും കൊണ്ടു വരേണ്ടതാണ്. പ്രിന്റ് ഔട്ട് ഹാജരാക്കാത്ത ആരെയും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

സ്പോട്ട് അഡ്മിഷന് പരിഗണിക്കപ്പെടുന്ന ഒഴിവുകളുടെ വിവരം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ പ്രസിദ്ധപ്പെടുത്തും. ഒഴിവുകളുടെ വിശദാംശങ്ങൾ പരിശോധിച്ച ശേഷം ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകേണ്ടതാണ്.

ഒരു വിദ്യാർത്ഥിക്ക് താൽപര്യമുള്ള വിവിധ കോളേജുകളിൽ നിശ്ചിത സമയത്തിനകം അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിദ്യാർത്ഥിക്ക് നേരിട്ടോ, ചുമതലപ്പെടുത്തിയ വ്യക്തി(നോമിനി) മുഖേനയോ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

**രജിസ്ട്രാർ**

**<u>പ്രത്യേക കുറിപ്പ്</u>:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)